# ഗവ. എൽ.പി. സ്കൂൾ
# പൂവത്തൂർ




# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2024–30

# ആമുഖം

വിദ്യാലയത്തിൽ എത്തിച്ചേരുന്ന ഓരോ
കുട്ടിയുടെയും ഗുണമേന്മ വിദ്യാഭ്യാസം
എന്ന അവകാശം ഉറപ്പുവരുത്തുന്നതിനുള്ള
കർമ്മപരിപാടികളും അവ
സമയബന്ധിതമായി നടപ്പാക്കുമെന്ന്
ഉറപ്പുനൽകലുമാണ് മാസ്റ്റർ പ്ലാനിലൂടെ
ഉദ്ദേശിക്കുന്നത്. വിദ്യാലയത്തിന്റെ
ദർശനം, അക്കാദമിക ലക്ഷ്യങ്ങൾ,
പ്രവർത്തന പരിപാടികൾ ഇവയെല്ലാം
ചേരുന്നതാണ് അക്കാദമിക
മാസ്റ്റർ പ്ലാനിന്റെ ഉള്ളടക്കം .ഓരോ
വിദ്യാലയത്തിന്റെയും സവിശേഷതകൾക്ക്
ഇണങ്ങും വിധം ആണ് അക്കാദമിക
മാസ്റ്റർ പ്ലാൻ തയ്യാറാക്കപ്പെടുന്നത്.
മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുക,
തുല്യതയും ഗുണനിലവാരം ഉള്ളതുമായ
വിദ്യാഭ്യാസം ഉറപ്പാക്കുക എന്നീ ദൗത്യം
ഉറപ്പിക്കുന്നതിനായി തയ്യാറാക്കിയ കർമ്മ
പദ്ധതി ആണിത്.

# ചരിത്രം

1948 സാമൂഹിക പ്രതിബദ്ധത ഉണ്ടായിരുന്ന ഒരുകൂട്ടം ആളുകളുടെ ആശ്രാന്ത പരിശ്രമത്തിലൂടെയും കൂട്ടായ്മയിലൂടെയും ഫലമായി രൂപംകൊണ്ടതാണ് ഗവൺമെന്റ് എൽ. പി.എസ്.പൂവത്തൂർ.പുണ്യ നദിയായ പമ്പയുടെ തീരത്ത് സാംസ്കാരിക പൈതൃകം വിളിച്ചു ഓതുന്ന പൂവത്തൂർ ഗ്രാമത്തിലെ ആദ്യ ഗവൺമെന്റ് സ്ഥാപനം എന്ന ബഹുമതിയും സ്കൂളിലുണ്ട്.

സ്കൂളിനോട് ചേർന്ന് കിടക്കുന്ന സ്ഥലം മഠത്തിൽ കുടുംബത്തിൽ നിന്നും സർക്കാർ ഏറ്റെടുത്തു അങ്ങനെ 50 സെന്റ് സ്ഥലം സ്കൂളിന്റേതായി നിലവിലുണ്ട്. ആദ്യസമയത്ത് ഓലപ്പുരയിലാണ് ക്ലാസ് നടന്നിരുന്നത്.പിന്നീട് നാട്ടുകാരുടെ ശ്രമഫലമായി ഗവൺമെന്റ് ആനുകൂല്യത്തോടെ നിലവിലുള്ള കെട്ടിടം പണിതു. ഇവിടെ ഒന്നുമുതൽ നാലുവരെ ക്ലാസുകൾ പ്രവർത്തിക്കുന്നു.

ഈ നാട്ടിലെ ഒട്ടു മിക്കവരും പ്രാഥമിക വിദ്യാഭ്യാസത്തിന് വേണ്ടി ഈ വിദ്യാലയമാണ് ആശ്രയിച്ചിരുന്നത്. വിജ്ഞാനത്തിനും വിനോദത്തിനും ഈ വിദ്യാലയം പ്രയോജനകരമായിരുന്നു.സ്കൂളിന്റെ വികസന പ്രവർത്തനങ്ങളിൽ നാട്ടുകാരുടെ സഹകരണം ഉണ്ടായിരുന്നു. 2018ലെ പ്രളയം ഈ വിദ്യാലയത്തെ സാരമായി ബാധിച്ചിരുന്നു. കാലഘട്ടത്തിനനുസരിച്ച് കെട്ടും മട്ടും മാറേണ്ടത് ഇന്ന് അനിവാര്യമായിരിക്കുന്നു.സ്കൂളിന്റെ രൂപവും ഭാവവും മാറ്റിയെടുത്ത് അത് മികച്ച ഒരു വിദ്യാലയം ആക്കി മാറ്റി ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

ശ്രീ ആർ. വി പിള്ള.മുൻ ഐ.എ.എസ് ഉദ്യോഗസ്ഥൻ,ശ്രീ എൻ കെ കെ സുകുമാരൻ നായർ പരിസ്ഥിതി സംരക്ഷകൻ, പത്രപ്രവർത്തകൻ ശ്രീ സജിത്ത് പരമേശ്വരൻ തുടങ്ങിയ വിവിധ ആളുകൾ ഈ വിദ്യാലയത്തിന്റെ സംഭാവനകളാണ്.

# വിദ്യാലയം മികവിന്റെ കേന്ദ്രം

ഗുണമേന്മ വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്.ഈ കാഴ്ചപ്പാടിനെ മുൻനിർത്തി പൊതു വിദ്യാഭ്യാസ വകുപ്പ് സമഗ്രമായ മാറ്റമാണ് വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുക എന്നതിലൂടെ ചെയ്യുന്നത്.
ഓരോ തലമുറയുടെയും സാംസ്കാരികവും സാമൂഹികവും ഭൗതികമായ വളർച്ചയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് അതിരറ്റതാണ്.
ഇന്നത്തെ സാഹചര്യത്തിൽ പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കപ്പെടേണ്ട ആവശ്യകത അത്യന്താപേക്ഷിതമാണ്.

പൊതു വിദ്യാഭ്യാസ രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന സമഗ്രമാറ്റം സമൂഹത്തിലേക്ക് എത്തിക്കുവാൻ ഓരോ വിദ്യാർത്ഥികളിലൂടെ മാത്രമേ കഴിയുകയുള്ളു . രാജ്യത്തിന് ഉപകാരപ്രദമായ ഒരു പൗരനെ വാർത്തെടുക്കാൻ വിദ്യാഭ്യാസത്തിന് മാത്രമേ സാധിക്കുകയുള്ളു.

# ലക്ഷ്യങ്ങൾ

* ഓരോ ക്ലാസിലും നേടേണ്ട പഠനശേഷികൾ ഉറപ്പാക്കുക.

* സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പ്രോത്സാഹിപ്പിക്കുക.

* ഭാഷയിൽ മികച്ച ആശയവിനിമയശേഷി കൈവരിക്കുക.

* കുട്ടിയിൽ ശാസ്ത്രബോധം വളർന്നു വികസിക്കുകയും അത് നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുകയും ചെയ്യാൻ അവസരം ഒരുക്കുക.

* ഗണിത താൽപ്പര്യം വളർത്തുക.

* സ്കൂൾ ലൈബ്രറി ക്രമീകരിച്ച് ആകർഷകമാക്കുക.

# പ്രതീക്ഷിത നേട്ടങ്ങൾ

ശിശു സൗഹൃദമായ
അന്തരീക്ഷത്തിൽ
മികച്ച പഠനാന്തരീക്ഷം
ഒരുങ്ങും. "സ്കൂൾ
സമൂഹത്തിൽ"എന്ന ആശയം
സാക്ഷാത്കരിക്കപ്പെടും

# മോണിറ്ററിംഗ്

ഉദ്യോഗസ്ഥ തലത്തിലുള്ള
മോണിറ്ററിംഗ് നടത്തുന്നു.
എസ് എം സി, എസ്
എസ്. ജി എന്നിവരെ
ഉൾപ്പെടുത്തി സോഷ്യൽ
മോണിറ്ററിംഗ് നടത്തുന്നു.

## ശാസ്ത്ര യാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *ശാസ്ത്ര പഠനം രസകരമാക്കൽ | പ്രകൃതി നടത്തം<br>പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>ഫീൽഡ് ട്രിപ്പ് | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |

## മേളകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കുക | സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിപ്പാക്കുക | | | |

## ബുള്ളറ്റിൻ ബോർഡ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹിക അറിവുകൾ അപ്ഡേറ്റ് ചെയ്യുക | പ്രധാന വാർത്തകൾ ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കുക | | | |

## പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക സംസ്കൃതി വീണ്ടെടുക്കുക | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായി വിധത്തിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുക | | | |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *സർഗാത്മകത വികസിപ്പിക്കുക | *ലൈബ്രറി ശാക്തീകരണം<br>വായനാമുറി ക്രമീകരിക്കൽ<br>പുസ്തകങ്ങൾ തരംതിരിച്ച് ക്രമീകരിക്കൽ<br><br>പാട്ടരങ്ങ്, കഥയരങ്ങ് എന്നിവ സംഘടിപ്പിക്കൽ<br><br>* സ്കൂൾ അസംബ്ലി<br>വാർത്ത വായന<br>സർഗ്ഗ വേള<br>വായനോത്സവം | ജൂലൈ | വിദ്യാരംഗം | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൾ | * ഗണിത മൂല തയ്യാറാക്കൽ<br><br>*ഗണിത ലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | എസ് ആർ ജി | |
| *ഗണിതത്തിൽ താൽപ്പര്യം ഉണർത്തുക | *ഗണിതകേളികൾ | | | |

# ഭാഷാശേഷി വികസനം

*ഇംഗ്ലീഷ്

ഉപ മേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കുവാനും, എഴുതുവാനും, സംസാരിക്കാനുമുള്ള ശേഷി വികസിക്കുക | ആഴ്ചയിൽ രണ്ട് ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുക. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| *ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക. | * ഇംഗ്ലീഷ് തീയേറ്റർ പാഠഭാഗങ്ങളെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി അവതരിപ്പിക്കൽ | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | |
| * ഇംഗ്ലീഷ് പറയുവാനും എഴുതുവാനും കഴിയുന്ന തലത്തിലേക്ക് എത്തിക്കുക. | * ഇംഗ്ലീഷ് ഫെസ്റ്റ് ഇംഗ്ലീഷ് മികവ് പ്രവർത്തനങ്ങളുടെ അവതരണം. | മാർച്ച് | ക്ലാസ്ടീച്ചർ | |

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| *ഭാഷാശേഷി വികസനം, ഗണിതശേഷി വികസനം, ഇംഗ്ലീഷ് പഠന പരിപോഷണം | ലൈബ്രറി | *വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| *ശാസ്ത്ര പോഷണ പരിപാടി, വായനാ പരിപോഷണം ലൈബ്രറി ശാക്തീകരണം പഠനയാത്ര | അടുക്കള | * വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് പ്രയോജനപ്പെടുത്തൽ ഭവന സന്ദർശനം |
| *പച്ചക്കറിത്തോട്ടം , ഒറിഗാമി ശില്പശാല ഗണിത ലാബ് ടേം മൂല്യനിർണയം നിരന്തര വിലയിരുത്തൽ ദിനാചരണങ്ങൾ | കൃഷിത്തോട്ടം | * ഗ്രന്ഥശാലകൾ ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ പൂർവ്വ വിദ്യാർത്ഥി സംഘടന പൂർവ്വ അധ്യാപകർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുക |
| | കളിസ്ഥലം | |
| | ഡൈനിങ് | |
| | ഹോൾസ്റ്റോർ | |
| | നൂതന ക്ലാസ് മുറികൾ | |
| | ഓഫീസ് | |

# അക്കാദമികം -നേട്ടങ്ങൾ

വിദ്യാഭ്യാസ പ്രവർത്തനങ്ങൾ അക്കാദമിക കലണ്ടറിന്റെ അടിസ്ഥാനത്തിൽ നടത്തുന്നു. വിവിധ മത്സരപരീക്ഷകളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു വിജയികളെ പ്രത്യേകം അഭിനന്ദിക്കുന്നു.

മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ് മധുരം മലയാളം, തുടങ്ങിയ ഭാഷാപോഷണ പരിപാടികൾ നടത്തിവരുന്നു.

സർഗപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നു.

## അക്കാദമികം- പരിമിതികൾ

ഭാഷ( ഇംഗ്ലീഷ്, മലയാളം) കൈകാര്യം ചെയ്യുന്നതിനുള്ളമികവ് കുട്ടി ആർജ്ജിക്കേണ്ടതുണ്ട്.

ശാസ്ത്രാഭിരുചികൾ വളർത്തുന്നതിനുപകരിക്കുന്ന സൗകര്യങ്ങൾ പരിമിതമാണ്. സ്കൂൾ ലൈബ്രറി ഉപയോഗപ്രദമായി ക്രമീകരിക്കേണ്ടതുണ്ട്.

# നിലവിലെ അവസ്ഥാ വിശകലനം

* ഭൗതികം- നേട്ടങ്ങൾ

1948 സ്ഥാപിതമായ ഈ വിദ്യാലയത്തിന് 50 സെന്റ് സ്ഥലമാണ് ഉള്ളത്. ചുറ്റു മതിൽ, കുടിവെള്ളസൗകര്യം, ടോയ്‌ലറ്റ് സൗകര്യസ്ഥലം, വിശാലമായ കളിസ്ഥലം ഇവയെല്ലാം ആവശ്യത്തിന് ഉണ്ട്. വിവരസാങ്കേതിക വിദ്യാസൗകര്യമുണ്ട്.

*ഭൗതികം -പരിമിതികൾ

1948 സ്ഥാപിതമായ ഈ കെട്ടിടം കാലപ്പഴക്കം ഉള്ളതാണ്. ക്ലാസ് മുറികൾ ആകർഷകമല്ല. പാചകപ്പുര ഉണ്ടെങ്കിലും അത് ഓഫീസ് കെട്ടിടത്തോട് ചേർന്നാണ് നിലകൊള്ളുന്നത്. ഭോജനശാല ആവശ്യമാണ്. വിശാലമായ രീതിയിൽ കളി സ്ഥലത്തെ പുനർ നിർമ്മിക്കേണ്ടതാണ്

* പാഠ- പാഠ്യാനുബന്ധപ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

* നല്ല മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുന്നതിനുള്ള സാഹചര്യം ഒരുക്കൽ

* ഓരോ ക്ലാസിലും നേടേണ്ട പഠന നേട്ടങ്ങൾ കുട്ടികൾ നേടുന്നു എന്ന് ഉറപ്പാക്കൽ

# പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

* എസ്. ആർ.ജി.യോഗത്തിൽ വിഷയം അവതരിപ്പിക്കലും ചർച്ചയും.

* വികസന ആവശ്യങ്ങൾ ഭൗതികം, അക്കാദമികം, സാമൂഹികം,എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ

* എസ്.എം.സി. ജനപ്രതിനിധികൾ എന്നിവർ അടങ്ങുന്ന മീറ്റിങ്ങിൽ മീറ്റിങ്ങിൽ വിഷയം അവതരിപ്പിക്കൽ

* നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ

* ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ

# ഉപസംഹാരം

ഒരു വിദ്യാർത്ഥിയുടെ സമഗ്രമായ വികസനമാണ് വിദ്യാഭ്യാസം. ഒരു വിദ്യാർത്ഥിയെ പൂർണവും സമ്പൂർണ്ണവും സമഗ്രവുമായ വ്യക്തിയായി വളർത്തിയെടുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഈ ആശയം സാക്ഷാത്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് എന്ന ലക്ഷ്യത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.